LIBRARY ARCHIVES Kerala Legislative Assembly

ആർ.എം.എസ്.എ. സ്കൂളുകളിലെ അദ്ധ്യാപകർക്ക് ശമ്പളം ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം

16(2720) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.എം.എസ്.എ. സ്കൂളുകളിലെ പി.എസ്.സി. വഴി നിയമിതരായ അധ്യാപകർക്ക് 2014 ഏപ്രിൽ, മേയ് മാസങ്ങളിലെ ശമ്പളം ലഭിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 22-5-2014-ൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽ ഈ അദ്ധ്യാപകർക്ക് ശമ്പളം ലഭ്യമാകുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടും പ്രസ്തുത അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ;

(സി) പ്രസ്തുത അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) വിദ്യാഭ്യാസ ഉപഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവരോട് ആർ.എം.എസ്.എ. നോംസിന് ഉപരിയായി വരുന്ന അദ്ധ്യാപകർക്ക് ശമ്പളം ലഭ്യമാക്കാനുള്ള അടിയന്തര നടപടിയെടുക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

സൗജന്യ യൂണിഫോം വിതരണം

17(4296) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. പുരുഷൻ കടവുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ വിദ്യാർത്ഥികളുടെ സൗജന്യ യൂണിഫോമിനായി മുൻ ബഡ്ജറ്റിൽ വേണ്ടത്ര തുക ചെലവഴിക്കാൻ സാധിക്കാത്തതിനാൽ ഈ വർഷം ഈ ആവശ്യത്തിന് ബഡ്ജറ്റിൽ തുക വകയിരുത്താൻ സാധിക്കാത്ത അവസ്ഥയുണ്ടോ ?

(ബി) എങ്കിൽ ഈ അദ്ധ്യയന വർഷം പദ്ധതി നടത്തിപ്പിനുള്ള തുക എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് ?